പതിമൂന്നാം കേരളനിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്ന മിട്ട ചോദ്യം നമ്പർ : *25 — 08.02.2016 ൽ മറുപടിക്ക്

## ക്ലീൻ കാമ്പസ് സേഫ് കാമ്പസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ. ശിവദാസൻ നായർ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ നേതൃത്വത്തിൽ ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 13.06.2014-ന് മുഖ്യമന്ത്രി നിർവ്വഹിച്ചു. ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി, വിദ്യാഭ്യാസ വകുപ്പ് മന്ത്രി, ആരോഗ്യ-കുടുംബക്ഷേമ ദേവസ്വം വകുപ്പുമന്ത്രി എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) വിദ്യാഭ്യാസം, ആഭ്യന്തരം, ആരോഗ്യം, എക്സൈസ് എന്നീ വകുപ്പുകൾ സംയുക്തമായി നടപ്പാക്കുന്ന ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് എന്ന പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം ലഹരി മുക്തമായതും ആരോഗ്യവും അച്ചടക്കവുമുള്ള ഒരു ഭാവി തലമുറയെ വാർത്തെടുക്കുക എന്നതാണ്. ഈ പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പരിസരങ്ങളിലും The Narcotic Drugs and Psychotropic Substances Act, The Cigarettes and Other Tobacco Products (Prohibition of Advertisement and Regulation of Trade and Commerce, Production, Supply and Distribution) Act 2003, Motor Vehicles Act, Abkari Act, The Kerala Police Act, Juvenile Justice Act, Protection of Children from Sexual Offences Act എന്നിവയുടെ ഫലപ്രദമായ നടപ്പിലാക്കൽ;<br>2. സാമൂഹ്യവിരുദ്ധരുടെ അതിക്രമങ്ങളിൽ നിന്നും ചൂഷണത്തിൽ നിന്നും നമ്മുടെ കുട്ടികളുടെ സംരക്ഷണം; |

3. കുട്ടികളുടെ ഇടയിലുള്ള പുകയില ഉൽപ്പന്നങ്ങൾ/ലഹരി മരുന്നുകൾ/മറ്റു നിരോധിത വസ്തുക്കൾ എന്നിവയുടെ ഉപയോഗവും വിൽപ്പനയും തടയൽ;
4. വിദ്യാലയ പരിസരങ്ങളിലെ ഗതാഗത സുരക്ഷ ഉറപ്പാക്കൽ;
5. കുട്ടികളെ ലൈംഗികമായി ചൂഷണം ചെയ്യുന്നത് തടയൽ;
6. വിദ്യാലയങ്ങളിൽ സുരക്ഷിതമായ അന്തരീക്ഷം സൃഷ്ടിക്കൽ;
7. നിയമങ്ങളെ അനുസരിക്കുന്നതും, സാമൂഹ്യ പ്രതിബദ്ധതയുള്ളതും , മൂല്യങ്ങളുള്ളതുമായ കുട്ടികളെ വാർത്തെടുക്കൽ;
8. കുട്ടികൾക്ക് നേരെയുള്ള വിവിധയിനം ചൂഷണങ്ങളെ മനസ്സിലാക്കി അതിനെതിരെ ഫലപ്രദമായ നടപടികൾ സ്വീകരിക്കൽ;
9. കുട്ടികൾ ക്ലാസ്സുകളിൽ ഹാജരാകാതെ മറ്റുകാര്യങ്ങളിൽ ഏർപ്പെടുന്നത് തടയൽ;
10. അധ്യാപകർക്കും രക്ഷിതാക്കൾക്കും സമൂഹത്തിന് മൊത്തത്തിലും കൂടുതൽ ഉത്തരവാദിത്വബോധത്തോടെ കുട്ടികളെ വളർത്താനുള്ള മാർഗ്ഗദർശനവും പ്രോത്സാഹനവും നൽകൽ;
11. മേൽ പറഞ്ഞ കാര്യങ്ങളിൽ വിവിധ സർക്കാർ വകുപ്പുകളായ പോലീസ്, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, വിവിധ NGOs എന്നിവയുടെ പങ്കാളിത്തം ഉറപ്പാക്കൽ.

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

(സി)

1. സ്കൂൾ, ജില്ല, സംസ്ഥാന തലത്തിൽ പദ്ധതി അവലോകനത്തിനായി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ച് നിരന്തരം വിലയിരുത്തിവരുന്നു; കൂടാതെ ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി അധ്യക്ഷനായി, ജില്ലാ കലക്ടർമാർ ഉൾപ്പെടെ പങ്കെടുക്കുന്ന വീഡിയോ കോൺഫറൻസുകൾ നടത്തി, പദ്ധതി നടത്തിപ്പിന്റെ പുരോഗതി വിലയിരുത്തി വരുന്നു;
2. പോലീസ്, എക്സൈസ് ഡിപ്പാർട്ട്മെന്റുകൾ നിരന്തരം റെയ്ഡുകൾ നടത്തി നിരോധിക്കപ്പെട്ട ലഹരി ഉല്പന്നങ്ങൾ പിടിച്ചെടുത്ത് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു;

3. ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി നടപ്പിലാക്കിയതിനുശേഷം നാളിതുവരെ (01.02.2016) 47313 റെയ്ഡുകൾ നടത്തുകയും, 13048 കേസുകൾ രജിസ്റ്റർ ചെയ്യുകയും, 12667 പേരെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്;
4. School Protection Groups, Student Police Cadet, Road Safety Clubs, Anti Narcotic Clubs, Jagratha Samithis എന്നീ പ്രോജക്ടുകളെ സജീവമാക്കിയും ഏകോപിപ്പിച്ചും, മദ്യത്തിനും മയക്കുമരുന്നിനും എതിരായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തി വരുന്നു;
5. ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയുടെ ബ്രാൻഡ് അംബാസിഡറായ ശ്രീ. മമ്മൂട്ടിയും, ബഹു. മന്ത്രിമാർ, അദ്ധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, വിവിധ സാമൂഹ്യ-സന്നദ്ധ സംഘടനാ പ്രതിനിധികൾ എന്നിവർ പങ്കെടുത്ത മേഖലാ തലത്തിലുള്ള രണ്ട് മഹാസമ്മേളനങ്ങൾ നടത്തുകയുണ്ടായി. രണ്ടു സമ്മേളനങ്ങളിലുമായി 25,000-ത്തിലധികം പേർ പങ്കെടുക്കുകയുണ്ടായി. വിദ്യാർത്ഥി സമൂഹത്തിലേക്കും, രക്ഷിതാക്കൾക്കിടയിലേക്കും, പൊതുജനങ്ങളിലേക്കും ഈ പദ്ധതിയുടെ ഉദ്ദേശ്യം എത്തിക്കുന്നതിനായി ഈ സമ്മേളനങ്ങൾ വഴി സാധിച്ചു. കൂടാതെ കോഴിക്കോട് മേഖലാ സമ്മേളനം നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ ചെയ്തുവരുന്നു;
6. മയക്കുമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ ഉത്പാദനം, കടത്തൽ, വിതരണം, വിപണനം എന്നിവയെപ്പറ്റി അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനും തുടർ അന്വേഷണത്തിന് സഹായിക്കുന്നതിനും, നടപടി സ്വീകരിക്കുന്നതിനുമായി

Special Investigation Team (SIST)-ന്റെ കീഴിൽ സംസ്ഥാന പോലീസിലെ തെരഞ്ഞെടുക്കപ്പെട്ട സമർത്ഥരായ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി Kerala Anti Narcotic Squad രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഈ ടീമിന്റെ പ്രവർത്തന ഫലമായി, കഴിഞ്ഞ മൂന്നു മാസം കൊണ്ട് ഏകദേശം 120 കിലോഗ്രാം കഞ്ചാവ്, 700 Nitrasun ടാബ്ലറ്റ്, ബ്രൗൺഷുഗർ, കൊക്കെയ്ൻ തുടങ്ങിയവ പിടികൂടാൻ സാധിച്ചു. ലഹരി-മയക്കു മരുന്ന് ശൃംഖലയെ പരിപൂർണ്ണമായി ഉന്മൂലനം ചെയ്യുകയാണ് ഈ ടീമിൽ നിക്ഷിപ്തമായ ചുമതല;

7. ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതിയുടെ കൂടുതൽ ഫലപ്രദമായ നടത്തിപ്പിനായി ഗവണ്മെന്റിൽനിന്നും പത്ത് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

Rajani.14

സെക്ഷൻ ഓഫീസർ